ദേശാഭിമാനി

28 August 2026

# സീഷെൽസ് മന്ത്രിതല സംഘം സിഎംഎഫ്ആർഐയിൽ

**കൊച്ചി**

സമുദ്രമത്സ്യ ഗവേഷണം, സുസ്ഥിര മത്സ്യബന്ധനം, സമുദ്രകൃഷി (മാരികൾച്ചർ) തുടങ്ങിയ മേഖലകളിൽ ഇന്ത്യയുമായി സഹകരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സീഷെൽസിൽനിന്നുള്ള ഉന്നതതല പ്രതിനിധിസംഘം കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സന്ദർശിച്ചു. സീഷെൽസ് ഫിഷറീസ്, കാർഷിക, ബ്ലൂ ഇക്കോണമി മന്ത്രി വാലസ് കോസ്ഗ്രോയുടെ നേതൃത്വത്തിലുള്ള എട്ടംഗ സംഘമാണ് സിഎംഎഫ്ആർഐയിലെത്തിയത്.

കാലാവസ്ഥാ വ്യതിയാന പഠനങ്ങൾ, ഫിഷ് സ്റ്റോക്ക് അസസ്മെന്റ്, കടൽപ്പായലിൽനിന്നുള്ള മൂല്യവർധിത ഉൽപ്പാദനം, അലങ്കാരമത്സ്യ പ്രജനനം, ട്യൂണ മത്സ്യബന്ധനം, മാരികൾച്ചർ എന്നീ മേഖലകളിൽ സിഎംഎഫ്ആർഐ വികസിപ്പിച്ച സാങ്കേതികവിദ്യകളും ഗവേഷണ പ്രവർത്തനങ്ങളും പ്രതിനിധിസംഘം വിലയിരുത്തി. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് സ്ഥാപനത്തിന്റെ ഗവേഷണ പുരോഗതികളും സാങ്കേതിക നേട്ടങ്ങളും വിശദീകരിച്ചു. സിഎംഎഫ്ആർഐ ശാസ്ത്രജ്ഞരും വകുപ്പ് മേധാവികളും ചർച്ചയിൽ പങ്കെടുത്തു.



മന്ത്രി വാലസ് കോസ്ഗ്രോയുടെ നേതൃത്വത്തിലുള്ള സീഷെൽസിൽനിന്നുള്ള ഉന്നതതല പ്രതിനിധിസംഘം സിഎംഎഫ്ആർഐയിലെ മറൈൻ അക്വേറിയം സന്ദർശിക്കുന്നു

## സീഷെൽസ് പ്രതിനിധിസംഘം ഐസിഎആർ- സിഫ്റ്റ് സന്ദർശിച്ചു

**കൊച്ചി**

സീഷെൽസിന്റെ മത്സ്യബന്ധനം, കൃഷി, നീല സമ്പദ്‌വ്യവസ്ഥ മന്ത്രി വാലസ് കോസ്ഗ്രോയുടെ നേതൃത്വത്തിലുള്ള ഏഴംഗ പ്രതിനിധിസംഘം ഐസിഎആർ–സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി സന്ദർശിച്ചു. 28 വരെ നടക്കുന്ന ഔദ്യോഗിക ഇന്ത്യാ സന്ദർശനത്തിന്റെ ഭാഗമായിരുന്നു സന്ദർശനം.

ഐസിഎആർ–സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ, മുതിർന്ന ശാസ്ത്രജ്ഞർ എന്നിവരുമായി പ്രതിനിധിസംഘം മത്സ്യബന്ധന സാങ്കേതികവിദ്യ, മത്സ്യ സംസ്കരണം, ഗുണനിലവാര ഉറപ്പാക്കൽ തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടത്തി. സീഷെൽസും ഐസിഎആർ–സിഫ്റ്റും തമ്മിലുള്ള സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും മത്സ്യബന്ധന സാങ്കേതികവിദ്യ, ഗവേഷണം, പരിശീലനം, ശേഷിവികസനം എന്നിവയിൽ ഭാവിയിൽ നടപ്പാക്കാവുന്ന സഹകരണ മേഖലകൾ കണ്ടെത്തുന്നതിനും സന്ദർശനം സഹായകമായി.